REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 16-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അഹമ്മദാബാദ് വിമാനാപകടം അന്വേഷിക്കാൻ കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിൽ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി സൈപ്രസ് പ്രസിഡണ്ട് ലിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സുമായി ഇന്ന് ചർച്ച നടത്തും.**
- **കേരള പോലീസ് അക്കാദമിയിൽ 144 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പരസ്യപ്രചാരണം കത്തിക്കയറുന്നു.**
- **സംസ്ഥാനത്ത് മഴ അതിശക്തമായി തുടരുന്നു.**

## വാർത്തകൾ വിശദമായി

**അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര ആഭ്യന്തര സെക്രട്ടറിയുടെ അധ്യക്ഷതയിലാണ് യോഗം. സിവിൽ ഏവിയേഷൻ മന്ത്രാലയം സെക്രട്ടറി, ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ, ഗുജറാത്ത് ആഭ്യന്തര വകുപ്പിലെയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ, അഹമ്മദാബാദ് പൊലീസ് കമ്മീഷണർ, ഇന്ത്യൻ വ്യോമസേനയിലെ ഇൻസ്പെക്ഷൻ ആൻഡ്**

സേഫ്റ്റി ഡയറക്ടർ ജനറൽ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി ഡയറക്ടർ ജനറൽ എന്നിവരാണ് ഉന്നതതല സമിതി അംഗങ്ങൾ.

മൂന്ന് മാസത്തിനുള്ളിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കും. ഭാവിയിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിന് രൂപപ്പെടുത്തേണ്ട നടപടിക്രമങ്ങളിലാണ് സമിതി ശ്രദ്ധ കേന്ദ്രീകരിക്കുക. അപകടത്തിന്റെ സാങ്കേതിക വശങ്ങൾ പരിശോധിക്കുന്ന എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രത്യേക അന്വേഷണം നടത്തുന്നുണ്ട്.

✪✪✪

അഹമ്മദാബാദിൽ തകർന്നുവീണ എയർ ഇന്ത്യ വിമാനത്തിന്റെ കോക്ക്പിറ്റ് വോയ്സ് റെക്കോർഡർ കണ്ടെത്തി. രണ്ടാമത്തെ ബ്ലാക്ക്ബോക്സ് എന്ന് അറിയപ്പെടുന്ന ഈ ഉപകരണം, കോക്പിറ്റിൽ പൈലറ്റുമാരുടെ സംഭാഷണവും എയർ ട്രാഫിക് കൺട്രോളുമായി കൈമാറിയ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയതാണ്. അലാറം ശബ്ദങ്ങളും, പശ്ചാത്തലത്തിലെ ശബ്ദങ്ങളും ഇതിൽ ഉണ്ടായിരിക്കും. വിമാനത്തിന്റെ ബ്ലാക്ക്ബോക്സ് നേരത്തെ കണ്ടെത്തിയിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി സൈപ്രസ് പ്രസിഡണ്ട് ലിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സുമായി ഇന്ന് ചർച്ച നടത്തും. വിദ്യാഭ്യാസം, ഡിജിറ്റൽ പങ്കാളിത്തം, മേഖലാ സുരക്ഷ തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ചർച്ച.

സൈപ്രസുമായി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യ ഏറെ പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്നലെ ലിമാസോളിൽ ബിസിനസ് വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 23 വർഷത്തിനു ശേഷം ഇത്തരമൊരു വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറായത് സൈപ്രസിന് ഇന്ത്യ നൽകുന്ന പ്രധാന്യത്തിന് തെളിവാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യ- സൈപ്രസ് - ഗ്രീസ് ബിസിനസ് നിക്ഷേപ കൗൺസിൽ രൂപീകരണം സാമ്പത്തിക സഹകരണം കൂടുതൽ ശക്തമാക്കാൻ സഹായിക്കുമെന്നും നരേന്ദ്രമോദി വിലയിരുത്തി.

✪✪✪

ജൂൺ 21 ന് അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ദേശീയ ആതിഥേയ നഗരമായ വിശാഖപട്ടണത്തെ ഒരുക്കങ്ങൾ കേന്ദ്ര ആയുഷ് സെക്രട്ടറി വൈദ്യരാജേഷ് കൊട്ടേച്ച അവലോകനം ചെയ്തു. ആയുഷ്മന്ത്രാലയത്തിലെയും ആന്ധ്രാപ്രദേശ് ഗവൺമെന്റിലെയും മുതിർന്ന ഉദ്യോഗസ്ഥരും അവലോകന യോഗത്തിൽ പങ്കെടുത്തു.

അന്താരാഷ്ട്ര യോഗാദിനത്തിൽ RK ബീച്ച്, ഋഷികൊണ്ട ബീച്ച്, ആന്ധ്ര സർവകലാശാല, ഗീതം സർവകലാശാല തുടങ്ങിയവയാണ് വിശാഖപട്ടണത്തെ പ്രധാന വേദികൾ. വിവിധ വകുപ്പുകൾ തമ്മിലെ ഏകോപനം, അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയും ഉദ്യോഗസ്ഥർ വിലയിരുത്തി.

✪✪✪

രാജ്യത്ത് കോവിഡ് ബാധിതരുടെ എണ്ണം 7,264 ആയി. 1,920 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത കേരളത്തിലാണ് ഏറ്റവും കൂടുതൽ കോവിഡ് രോഗികൾ.

✪✪✪

തൃശൂർ രാമവർമ്മപുരം കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 19-ാമത് C ബാച്ചിലെ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ നടന്നു. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിച്ചു. 144 കോൺസ്റ്റബിൾമാരാണ് പരേഡിൽ പങ്കെടുത്തത്.

✪✪✪

നിലമ്പൂർ ഉപ തിരഞ്ഞെടുപ്പിൽ പരസ്യപ്രചാരണത്തിന് ഒന്നര ദിവസം കൂടി ശേഷിക്കുമ്പോൾ ഓരോ വോട്ടും ഉറപ്പിക്കാൻ സ്ഥാനാർത്ഥികളും മുന്നണികളും അവസാനവട്ട ശ്രമത്തിലാണ്.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് രാവിലെ നിലമ്പൂരിൽ നിന്നാണ് പര്യടനം ആരംഭിച്ചത്. മൂത്തേടം പഞ്ചായത്തിലെ പര്യടനത്തിനു ശേഷം രാത്രി കാരപ്പുറത്താണ് സമാപനം.

LDF സ്ഥാനാർത്ഥി M സ്വരാജ് രാവിലെ നാരോക്കാവ് പാടശേഖരത്തു നിന്ന് പര്യടനം തുടങ്ങി.

NDA സ്ഥാനാർത്ഥി മോഹൻ ജോർജ് എടക്കര പഞ്ചായത്തിലാണ് പ്രചാരണം തുടരുന്നത്. വൈകിട്ട് പാലേമാടത്താണ് സമാപനം.

**PV അൻവറിനുവേണ്ടി ഇന്നലെ പ്രചാരണത്തിനെത്തിയ മുൻ ക്രിക്കറ്റ് താരം യൂസഫ് പട്ടാൻ മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിൽ വോട്ടർമാരെ നേരിൽ കണ്ടു.**

✪✪✪

**ശുദ്ധജലം കാര്യക്ഷമതയോടെ ഗുണഭോക്താക്കളിൽ എത്തിക്കുന്ന 'വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ' പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പീച്ചി ഡാമിൽ നിന്നെടുക്കുന്ന വെള്ളം ശുദ്ധീകരിച്ച് 18,500 ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയാണിത്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കോടി 90 ലക്ഷം രൂപ ചെലവിലാണ് പ്രവൃത്തി പൂർത്തീകരിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരത്തിൽ പൂർണ്ണമായി ഓൺലൈനിൽ പരിശോധിക്കാൻ കഴിയുന്ന പദ്ധതി നടപ്പാക്കുന്നത്.**

✪✪✪

**മണ്ണുത്തി വെറ്ററിനറി കോളേജിലെ ആധുനിക ലബോറട്ടറി സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി ക്യാമ്പസിലെ ചടങ്ങിൽ മന്ത്രി J ചിഞ്ചുറാണി അധ്യക്ഷയായിരുന്നു. മന്ത്രി K. രാജൻ മുഖ്യാതിഥിയായി പങ്കെടുത്തു. സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് പണി കഴിപ്പിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.**

✪✪✪

**ദക്ഷിണേന്ത്യൻ തൊഴിൽ - നൈപുണ്യ വികസന മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ മന്ത്രി V.ശിവൻ കുട്ടി ഹൈദരാബാദിലെത്തി. കേരളത്തിൽ I.T വികസനത്തിനായി 1,440 കോടി രൂപയുടെ നിർദ്ദേശങ്ങൾ, തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോ റെയിൽ ടെക്നോളജി കോഴ്സ് നടത്തുന്നതിന് കൂടുതൽ സഹായങ്ങൾ, രണ്ട് മൾട്ടി ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സഹായങ്ങൾ എന്നീ വിഷയങ്ങളാണ് കേരളം കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് മുന്നിൽ വയ്ക്കുന്നത്.**

✪✪✪

**സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നു. അതിതീവ്ര മഴസാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്,**

മലപ്പുറം  ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ്  ഇന്ന് ചുവപ്പു ജാഗ്രത നൽകിയിട്ടുണ്ട്.

പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്ത് ഉയർന്ന തിരമാലകൾക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന കേന്ദ്രം അറിയിച്ചു. തീരമേഖലയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

മഴ കാരണം പത്തനംതിട്ട ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണെങ്കിലും പ്ലസ് വൺ ഉൾപ്പെടെ അഡ്മിഷൻ കാര്യങ്ങൾ മുൻ നിശ്ചയിച്ച പ്രകാരം നടക്കും.

✪✪✪

കോഴിക്കോട് ജില്ലയിലും മഴ തുടരുകയാണ്. മലയോരമേഖലയിലും നഗരങ്ങളിലും  മഴ ജനജീവിതത്തെ ബാധിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി  നസീർ ബാബു.

.... (വോയ്സ്)..............

✪✪✪

ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ കാസർകോട് ജില്ലയിലെ ഉപ്പള, നീലേശ്വരം, മൊഗ്രാൽ , കാര്യങ്കോട്,  കോഴിക്കോട് കോരപ്പുഴ, കണ്ണൂരിലെ പെരുമ്പ, കവ്വായി, തൃശൂർ കരുവന്നൂർ എന്നിവിടങ്ങളിൽ കേന്ദ്ര ജല കമ്മീഷനും, സംസ്ഥാന ജലസേചന വകുപ്പും ഓറഞ്ച് ജാഗ്രത നൽകി.  ഈ മേഖലയിൽ നദികളിൽ ഇറങ്ങാൻ ശ്രമിക്കരുത്. അധികൃതരുടെ നിർദ്ദേശപ്രകാരം പ്രളയസാധ്യതാ പ്രദേശങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയ്യാറാകണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കനത്ത മഴയെ തുടർന്ന്  നീരൊഴുക്ക് വർദ്ധിക്കുന്ന  സാഹചര്യത്തിൽ പാലക്കാട് ശിരുവാണി ഡാമിന്റെ ഷട്ടർ 150 സെന്റീ മീറ്റർ ഉയർത്തി. തിരുവാണിപ്പുഴ, ഭവാനിപ്പുഴ തീര വാസികൾക്ക്  ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

മലപ്പുറം ജില്ലയിലും കനത്ത മഴ തുടരുന്നു. ഇരിമ്പിയം വലിയകുന്നിൽ 29 സെ.മി മഴ റിപ്പോർട്ട് ചെയ്തു. മേഖലയിൽ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. എടവണ്ണ ചെക്കുന്നിൽ 25.2 സെ.മീറ്ററും, നിലമ്പൂരിലെ കൽക്കുണ്ടിൽ 22.8 സെ.മീറ്ററും കഴിഞ്ഞ 48 മണിക്കൂറിൽ ലഭിച്ച മഴക്കണക്ക്.

✪✪✪

പാലക്കാട് മണ്ണാർക്കാട് മഴയിൽ കുതിർന്ന വീടിന്റെ ഭിത്തി തകർന്ന് വീണ് വയോധിക മരിച്ചു. തെങ്കര മണലടി സ്വദേശി പാത്തുമ്മ ബീവിയാണ് രാവിലെ അപകടത്തിൽ മരിച്ചത്.

✪✪✪

കനത്ത മഴയിൽ കണ്ണൂർ ജില്ലയിൽ ഇന്നലെയും ഇന്നുമായി 9 വീടുകൾ ഭാഗികമായി തകർന്നു. കൊട്ടിയൂർ ഉത്സവത്തിന് ദർശനത്തിന് എത്തിയ ആളെ പുഴയിൽ കാണാതായി. കാഞ്ഞങ്ങാട് ചാമുണ്ഡിക്കുന്ന് സ്വദേശി അഭിജിത്ത് എന്ന ജിത്തുവിനെയാണ് കാണാതായത്.

✪✪✪

ആലപ്പുഴ ബീച്ചിൽ കുളിക്കുന്നതിനിടെ തിരയിൽപ്പെട്ട് കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി. പുറക്കാട് തീരത്താണ് ഡോൺ തോമസിന്റെ ശരീരം കണ്ടെത്തിയത്. ഇന്നലെ വൈകിട്ട് ആലപ്പുഴ ബീച്ചിൽ കൂട്ടുകാർക്കൊപ്പം കുളിക്കുന്നതിനിടെ തിരയിൽ പെടുകയായിരുന്നു.

✪✪✪

മാനാഞ്ചിറ -വെള്ളിമാടുകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തി മന്ത്രി P A മുഹമ്മദ് റിയാസ് വൈകിട്ട് സിവിൽ സ്റ്റേഷന് സമീപം ഉദ്ഘാടനം ചെയ്യും. മലാപ്പറമ്പ് ഭാഗത്തെ പ്രവൃത്തിയാണ് ആരംഭിക്കുന്നത്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർവെപ്പ് നാളെ നടത്തും. മറ്റന്നാളാണ് ഇളനീരാട്ടം. ഇന്നലെ തിരുവോണാരാധനയിൽ ഒട്ടേറെ ഭക്തർ പങ്കെടുത്തു.

✪✪✪

**അറബിക്കടലിൽ അപകടത്തിൽപ്പെട്ട കപ്പലിലേതെന്നു കരുതുന്ന ഇന്ധനടാങ്കർ രാവിലെ അമ്പലപ്പുഴക്കടുത്ത് കാക്കാഴം തീരത്തടിഞ്ഞു. ടാങ്കർ കാലി ആണെന്നാണ് വിവരം. ആളുകൾ അടുത്ത് എത്താതിരിക്കാൻ അമ്പലപ്പുഴ പോലീസ് നിയന്ത്രണം ഏർപ്പെടുത്തി.**

**വാൻ ഹായ് 503 കപ്പലിലെ ഒരു രക്ഷാബോട്ട് ഇന്നലെ ആലപ്പുഴ പുന്നപ്ര വാടയ്ക്കൽ തീരത്തടിഞ്ഞിരുന്നു.**

✪✪✪

**അടുത്തമാസം മാഡ്രിഡിലെ അമ്പെയ്ത്ത് ലോകകപ്പ് സ്റ്റേജ് 4 മത്സരത്തിനും, ഗ്വാങ്ജുവിലെ ലോക ചാമ്പ്യൻഷിപ്പ് മത്സരങ്ങളിലേക്കും സെലക്ഷൻ ട്രയൽസിൽ നാല് പുതുമുഖ താരങ്ങൾ സ്ഥാനം ഉറപ്പിച്ചു. മഹാരാഷ്ട്രയുടെ 15 കാരി ഗാത ഖഡാകെയും, ഷാർവാരി ഷിൻഡെയും മികച്ച പ്രകടനം കാഴ്ചവച്ച് നാല് അംഗ വനിതാ റീകർവ് ടീമിൽ ഇടം നേടി.**

✪✪✪

**സ്വർണ്ണവില കുറഞ്ഞു. പവന് 74,440 രൂപയായി. ഗ്രാമിന് 9,305 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.**

✪✪✪

---

*News Editor: വി.കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*CNRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*